# CAREER Updates

# പത്രവൃത്താന്തം

30.03.2024 (ശനി)



➪ ചരിത്രപ്രസിദ്ധമായ വൈക്കം സത്യഗ്രഹം ആരംഭിച്ചതിന്റെ നൂറാം വാർഷികം ആചരിക്കപ്പെട്ടത് എന്നാണ്?

✔ മാർച്ച് 30, 2024

- അയിത്തോച്ചാടനത്തിനെതിരെ കേരളത്തിൽ നടന്ന ആദ്യത്തെ ഐതിഹാസിക സത്യഗ്രഹ സമരമായിരുന്ന വൈക്കം സത്യഗ്രഹം ആരംഭിച്ചത് 1924 മാർച്ച് 30-നായിരുന്നു. 603 ദിവസമാണ് വൈക്കം സത്യഗ്രഹം നീണ്ടുനിന്നത്.
- വൈക്കം സത്യഗ്രഹ ശതാബ്ദി ആചരണവുമായി ബന്ധപ്പെട്ട് 603 ദിവസം നീണ്ടുനിൽക്കുന്ന ആഘോഷ പരിപാടികൾ കേരളസർക്കാർ നടപ്പിലാക്കിയിരുന്നു. തമിഴ്നാട് മുഖ്യമന്ത്രി എം.കെ. സ്റ്റാലിന്റെ നേതൃത്വത്തിൽ കേരള മുഖ്യമന്ത്രി പിണറായി വിജയനാണ് ആഘോഷ പരിപാടികൾ 2023-ൽ ഉദ്ഘാടനം ചെയ്തത്.

➪ 2024 മാർച്ചിൽ വിജയകരമായി പരീക്ഷിക്കപ്പെട്ട, സ്കൈറൂട്ട് എയ്റോ സ്പെയ്സിന്റെ വിക്രം-1 എന്ന ബഹിരാകാശ വിക്ഷേപണ വാഹനത്തിന്റെ രണ്ടാം ഘട്ട എഞ്ചിൻ

✔ കലാം-250

- സ്വകാര്യ ബഹിരാകാശ വിക്ഷേപണ വാഹനനിർമ്മാതാക്കളായ ആദ്യത്തെ ഇന്ത്യൻ കമ്പനിയാണ് സ്കൈറൂട്ട് എയ്റോ സ്പെയ്സ്.

➪ 2024 മാർച്ചിൽ നടന്ന മിസ് വേൾഡ് ഫൈനലിന്റെ വേദിയിൽ ബ്യൂട്ടി വിത്ത് എ പർപ്പസ് ഹ്യുമാനിറ്റേറിയൻ അവാർഡ് നൽകി ആദരിക്കപ്പെട്ട ഇന്ത്യൻ വനിത

✔ നിത അംബാനി

➪ ഗൂഗിളിന്റെ ഡേറ്റ സെന്റർ സ്ഥാപിതമാകുമെന്ന് പ്രതീക്ഷിക്കപ്പെടുന്ന ഇന്ത്യൻ നഗരം ഏതാണ്?

✔ നവിമുംബൈ

- ഗൂഗിളിന്റെ ഏഷ്യയിലെ നാലാമത്തെ ഡേറ്റ സെന്റർ ആയിരിക്കും നവിമുംബൈയിലെ ജൂയ്നഗറിൽ സ്ഥാപിക്കപ്പെടുന്നത്.
- ഏഷ്യയിൽ ഗൂഗിളിന് സിംഗപ്പൂരിലും തായ്‌വാനിലും ജപ്പാനിലുമായി മൂന്ന് ഡേറ്റ സെന്ററുകളാണ് നിലവിലുള്ളത്. നിലവിൽ ലോകത്താകമാനമുള്ള ഗൂഗിളിന്റെ ഡേറ്റ സെന്ററുകളുടെ എണ്ണം 25 ആണ്.

➪ മൈക്രോസോഫ്റ്റും ഓപ്പൺ എ.ഐയും ചേർന്ന് നിർമ്മിക്കാനൊരുങ്ങുന്ന ആർട്ടിഫിഷ്യൽ ഇന്റലിജൻസ് സൂപ്പർ കമ്പ്യൂട്ടർ

✔ സ്റ്റാർഗേറ്റ്

➪ അടുത്തിടെ പുറത്തിറങ്ങിയ 'ദി ഐഡിയ ഓഫ് ഡെമോക്രസി' എന്ന പുസ്തകത്തിന്റെ രചയിതാവ്

✔ സാം പിത്രോഡ

➪ ഐക്യരാഷ്ട്ര സംഘടനയുടെ നേതൃത്വത്തിൽ അന്താരാഷ്ട്ര സീറോ വേസ്റ്റ് ഡേ ആയി ആചരിക്കപ്പെടുന്നത് എന്നാണ്?

✔ മാർച്ച് 30

➪ പൂക്കോട് വെറ്റിനറി കോളേജിലെ രണ്ടാം വർഷ വിദ്യാർത്ഥി ജെ.എസ്. സിദ്ധാർത്ഥിന്റെ മരണത്തിന് പിന്നിലെ സത്യം കണ്ടെത്തുന്നതിനായി ഗവർണർ നിയമിച്ച രണ്ടംഗ അന്വേഷണ കമ്മിഷനിലെ അംഗങ്ങൾ

✔ ജസ്റ്റിസ് എ. ഹരിപ്രസാദ്, വി.ജി. കുഞ്ഞൻ

➪ 2024 മാർച്ചിൽ ചത്തുപോയ, ലോകത്തിലെ ഏറ്റവും വലിയ പാമ്പുകളിൽ ഒന്ന് എന്ന് കരുതപ്പെട്ടിരുന്ന അനാക്കോണ്ട

✔ അന ജൂലിയ

➪ 2024 മാർച്ചിൽ അന്തരിച്ച പ്രശസ്ത ഹോളിവുഡ് ചലച്ചിത്ര ടെലിവിഷൻ താരം

✔ ലൂയിസ് ഗോസെറ്റ് ജൂനിയർ

- സഹനടനുള്ള ഓസ്കാർ പുരസ്കാരം നേടിയ ആദ്യത്തെ ആഫ്രിക്കൻ വംശജൻ എന്ന നേട്ടം സ്വന്തമാക്കിയ താരമാണ് ലൂയിസ് ഗോസെറ്റ് ജൂനിയർ. 'ആൻ ഓഫീസർ ആന്റ് എ ജെന്റിൽമാൻ' എന്ന ചലച്ചിത്രത്തിലെ പ്രകടനത്തിലൂടെയാണ് സഹനടനുള്ള ഓസ്കാർ പുരസ്കാരം ലൂയിസ് ഗോസെറ്റ് ജൂനിയർ നേടിയത്.

➪ 2024 മാർച്ചിൽ സ്പെയിനിലെ കോർഡൊബയിൽ നടന്ന ഇന്റർനാഷണൽ വാട്ടർ കളർ ഫെസ്റ്റിവലിൽ പങ്കെടുത്ത മലയാളി

✔ സുധി പീപ്പിയ്

➪ 14 വയസ്സിന് താഴെയുള്ളവരെ സോഷ്യൽ മീഡിയ അക്കൗണ്ടുകളിൽ നിന്ന് വിലക്കുന്നതിനുള്ള ബിൽ 2024 മാർച്ചിൽ പാസ്സാക്കപ്പെട്ട അമേരിക്കൻ സംസ്ഥാനം

✔ ഫ്ളോറിഡ

CAREER GUIDANCE BUREAU

കരിയർ ഗൈഡൻസ് ബ്യൂറോ
ആറ്റിങ്ങൽ & തമ്പാനൂർ 8590 333 999